പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1237      10-08-2017 ൽ മറുപടിക്ക്

# കോവളം കൊട്ടാരം നിൽക്കുന്ന ഭൂമി സ്വകാര്യ ഗ്രൂപ്പിന് കൈമാറിയ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അടൂർ പ്രകാശ് | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | കോവളം കൊട്ടാരം നിൽക്കുന്ന ഭൂമി രവി പിള്ള ഗ്രൂപ്പ് ഓഫ് കമ്പനിക്ക് കൈമാറിയോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ; ഈ കമ്പനി തിരുവനന്തപുരം ജില്ലയിൽ കൈവശം വച്ചിരിക്കുന്ന ആകെ ഭൂമി എത്ര; എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ; | (എ) | 1/8/17-ലെ സ.ഉ.(കൈ) നം.17/2017/ടൂറിസം പ്രകാരം സർക്കാർ ഈ വിഷയം പുന:പരിശോധിക്കുവാൻ തീരുമാനിക്കുന്ന പക്ഷം, അവകാശം ഉന്നയിക്കാൻ അധികാരപ്പെട്ട കോടതിയിൽ സിവിൽ സ്യൂട്ട് ഫയൽ ചെയ്യുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ അവകാശം നിലനിർത്തിക്കൊണ്ട് കോവളം കൊട്ടാരം/ഹാൽസ്യൺ കാസിൽ ഉൾപ്പെടുന്ന വിനോദ സഞ്ചാര വകുപ്പിന്റെ 4.13.30 ഹെക്ടർ ഭൂമിയുടെ കൈവശാവകാശം ആർ.പി.ഗ്രൂപ്പിന് കൈമാറി ഉത്തരവായിട്ടുണ്ട്. കോവളം കൊട്ടാരം രവിപിള്ള ഗ്രൂപ്പ് ഓഫ് കമ്പനിക്ക് 5/8/17 ന് കൈമാറിയിട്ടുണ്ട്. ടി കമ്പനി തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം വില്ലേജിൽ 20.61.25 ഹെക്ടർ ഭൂമി കൈവശം വച്ചിരിക്കുന്നു. |
| (ബി) | നിലവിൽ ടി കമ്പനിയുടെ പേരിൽ പോക്കുവരവ് ചെയ്ത ഭൂമി എത്രയാണെന്നും അവ ഏതെല്ലാം വില്ലേജിലാണെന്നും വ്യക്തമാക്കുമോ; ഇവയെ സംബന്ധിച്ച് കോടതികളിൽ കേസുകൾ നിലവിലുണ്ടോ; എങ്കിൽ എത്ര കേസുകളെന്നും ഏതെല്ലാം കോടതികളിലെന്നും വ്യക്തമാക്കുമോ; | (ബി) | തിരുവനന്തപുരം ജില്ലയിൽ കൈവശം വച്ചിരിക്കുന്ന ഭൂമി ടി കമ്പനിയുടെ പേരിൽ നാളിതുവരെ പോക്കുവരവ് ചെയ്ത് നൽകിയിട്ടില്ല. ഇവയെ സംബന്ധിച്ച് കോടതി കേസുകൾ നിലവിലുണ്ടോ എന്നുള്ള വിവരം ലഭിച്ചിട്ടില്ലാത്തതാണ്. |
| (സി) | കോവളം കൊട്ടാരത്തിനെ സംബന്ധിച്ച വിഷയത്തിൽ എ.ജി. നിയമോപദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | ഉണ്ട്. ഉള്ളടക്കം ചെയ്തിട്ടുണ്ട്. |
| (ഡി) | കോവളം കൊട്ടാരം നിൽക്കുന്ന ഭൂമി സർക്കാർ ഉടമസ്ഥതയിൽ നിലനിർത്തണമെന്ന് എ.ജി.യുടെ നിയമോപദേശം എന്നാണ് ലഭിച്ചത്; അതിന്മേൽ എന്ത് നടപടി കൈക്കൊണ്ടുവെന്ന് വ്യക്തമാക്കുമോ; | (ഡി) | ബഹു.സുപ്രീം കോടതിയുടെ 08/03/2016 ലെ വിധിക്കെതിരെ റിവ്യൂ ഫയൽ ചെയ്യുന്നതു സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ആരായുകയും അഡ്വക്കേറ്റ് ജനറൽ ഇപ്രകാരം അഭിപ്രായപ്പെടുകയുമാണ് ചെയ്തത്.<br>" I do not find any valid grounds for review and I am of the opinion that there is no necessity to file a review. Since in the aforesaid litigation, the Court's have not adjudicated upon the question of title over the property comprising Kovalam Palace and appurtenant land handed over by the Government of Kerala to the ITDC, I am of the considered opinion that the State will have to take a decision whether |

to initiate proceedings before the competent civil court to get a declaration of the title of the Government over the property in question."

അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 01/08/17 ലെ സ.ഉ.(കൈ)നം.17/2017/ടൂറിസം പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഇ) | കൊട്ടാരം സ്വകാര്യ ഹോട്ടലിന് വിട്ടുനൽകുന്നതിന് ടൂറിസം വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്തുമോ; | | |
| (എഫ്) | പ്രസ്തുത ഫയൽ മുഖ്യമന്ത്രി അംഗീകരിച്ച് തിരികെ നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ; | ഇ, എഫ് & ജി) | ബഹു.മുഖ്യമന്ത്രിയുടെ അംഗീകാരത്തോടെ 1/8/17-ലെ സ.ഉ. (കൈ) നം.17/2017/ടൂറിസം പ്രകാരം സർക്കാർ ഈ വിഷയം പുന:പരിശോധിക്കുവാൻ തീരുമാനിക്കുന്ന പക്ഷം, അവകാശം ഉന്നയിക്കാൻ അധികാരപ്പെട്ട കോടതിയിൽ സിവിൽ സ്യൂട്ട് ഫയൽ ചെയ്യുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ അവകാശം നിലനിർത്തിക്കൊണ്ട് കോവളം കൊട്ടാരം/ഹാൽസ്യൺ കാസിൽ അതുൾപ്പെടുന്ന വിനോദ സഞ്ചാര വകുപ്പിന്റെ 4.13.30 ഹെക്ടർ ഭൂമിയുടെ കൈവശാവകാശം ആർ.പി.ഗ്രൂപ്പിന് കൈമാറി ഉത്തരവായിട്ടുണ്ട്. 05/08/2017 ൽ കോവളം കൊട്ടാരം രവിപിള്ള ഗ്രൂപ്പിന് കൈമാറി നൽകിയിട്ടുണ്ട്. |
| (ജി) | ഇതിന്മേൽ നാളിതുവരെ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ